(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഡി) 665 ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ പ്രവർത്തനം

9 [3353] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെക്കാനിക്കൽ മീറ്ററിന്റെ ഉൽപ്പാദനം നിർത്തലാക്കി ഇലക്ട്രോണിക് മീറ്റർ ഉൽപ്പാദനം ആരംഭിച്ചശേഷം കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ആ സ്ഥാപനത്തിൽ പണിയെടുക്കുന്ന എല്ലാ തൊഴിലാളികൾക്കും മുടങ്ങാതെ തൊഴിൽ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വ്യവസായ വകുപ്പ് വിലയിരുത്തിയിട്ടുണ്ട്.

(ബി) വ്യവസായ വകുപ്പ് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

ഇലക്ട്രോണിക് മീറ്ററിന്റെ ഉൽപ്പാദനം ആരംഭിക്കുകയും കെ.എസ്.ഇ.ബി.-യിൽ നിന്ന് ലഭിക്കുന്ന പർച്ചേസ് ഓർഡർ പ്രകാരം മീറ്റർ നൽകി വരികയും ചെയ്യുന്നു. ഉൽപ്പാദനം ഇലക്ട്രോണിക് മീറ്ററിലേക്ക് മാറിയതുമൂലം തൊഴിൽ ലഭ്യത കുറഞ്ഞതിനാൽ കമ്പനിയിൽ വി.ആർ.എസ്. നടപ്പിലാക്കുകയും അതു പ്രകാരം 2003 ജൂലൈ മാസത്തിൽ 123 പേർ പിരിഞ്ഞുപോകുകയും ചെയ്തു. നിലവിലുള്ള തൊഴിലാളികളുടെ തൊഴിൽ ലഭ്യത ഉറപ്പു വരുത്തുന്നതിനായി മോട്ടോർ സ്റ്റാർട്ടറുകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുകയും കെ.എസ്.ഇ.ബി.-ക്ക് ആവശ്യമുള്ള

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഫോർ ലൈൻ ക്രോസ് ആമുകൾ ഉൽപ്പാദിപ്പിച്ച് നൽകുകയുമുണ്ടായി. കൂടാതെ ഉൽപ്പാദന വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി ഓട്ടോറിക്ഷാ ഫെയർ മീറ്ററുകളുടെയും കെ.എസ്.ഇ.ബി.-ക്ക് ആവശ്യമുള്ള കോൺക്രീറ്റ് തൂണുകളുടെയും ഉൽപ്പാദനം ആരംഭിക്കുവാനുള്ള നടപടികൾ എടുത്തു വരുന്നു.

അണ്ടർഗ്രൗണ്ട് കേബിൾ വഴി വൈദ്യുതി കണക്ഷൻ

10 [3354] ശ്രീ. വി. കെ. സി. മമ്മദ് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അണ്ടർ ഗ്രൗണ്ട് കേബിൾ വഴി വൈദ്യുതി കണക്ഷൻ നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) ഈ സംവിധാനം എന്നുമുതൽക്കാണ് ആരംഭിച്ചതെന്നും ഇതേവരെ എത്ര മീറ്റർ കേബിൾ ഉപയോഗപ്പെടുത്തിയെന്നും വ്യക്തമാക്കാമോ;

(സി) ഇതേവരെ ഇതിനായി വൈദ്യുതി ബോർഡ് ചെലവഴിച്ച തുകയെത്ര;

(ഡി) എവിടെയെല്ലാമാണ് ഈ സംവിധാനം നടപ്പിൽ വരുത്തിയത്;

(ഇ) ഈ സംവിധാനവും നിലവിലുള്ള സംവിധാനവും തമ്മിൽ നടത്തിയ താരതമ്യ പഠനത്തിൽ എന്തെല്ലാം നേട്ടങ്ങൾ ഇതുവഴി ഉണ്ടാക്കാൻ കഴിഞ്ഞെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സാധാരണ രീതിയിൽ പോസ്റ്റും കമ്പിയും ഉപയോഗിച്ചോ വെതർ പ്രൂഫ് വയർ ഉപയോഗിച്ചോ കണക്ഷൻ നൽകാൻ കഴിയാത്ത സാഹചര്യത്തിൽ മാത്രമേ അണ്ടർ ഗ്രൗണ്ട് കേബിൾ വഴി കണക്ഷൻ നൽകുകയുള്ളൂ. നടപടിക്രമങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) 1998 മുതലാണ് ഈ സംവിധാനം ആരംഭിച്ചത് ഏകദേശം 384.54 കിലോമീറ്റർ കേബിൾ ഉപയയോഗിച്ചിട്ടുണ്ട്.

(സി) ഇതിനായി വൈദ്യുതി ബോർഡ് തുക ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല.

(ഡി) ഈ സംവിധാനം സംസ്ഥാനത്തു മുഴുവൻ നടപ്പാക്കിവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly